# അതിജീവിക്കാനുള്ള വഴികാട്ടി :

# ഓൺലൈൻ ജന്റർ അധിഷ്ഠിത അതിക്രമത്തിൽ നിന്നും നിങ്ങളുടെ ഓൺലൈൻ ഇടത്തെ എങ്ങനെ പ്രതിരോധിക്കാം




sflc.in unesco

Guide to Survive- How to Defend Your Online Spaces Against Online Gender Based Violence, 2024
By SFLC.in in partnership with UNESCO

© Copyright 2024 SFLC.in Licensed under Creative Commons BY SA NC 4.0

Published by: SFLC.in
K9, 2nd Floor, Birbal Road, Jangpura Extension, New Delhi – 14, India.

Email: mail@sflc.in

Website: https://www.sflc.in

X: @SFLCin

# OGBV എന്നാൽ എന്താണ്?

ഒരു പ്രത്യേക ജന്ററിൽ ഉൾപ്പെട്ടത് കൊണ്ട് ആളുകൾക്ക് നേരിടേണ്ടി വരുന്ന അതിക്രമങ്ങളാണ് ജന്റർ അധിഷ്ഠിത അതിക്രമം. ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ നടക്കുന്ന ഇത്തരം അതിക്രമങ്ങളെ ഓൺലൈൻ ജന്റർ അധിഷ്ഠിത അതിക്രമം എന്ന് വിളിക്കുന്നു. ചുരുക്കത്തിൽ നമുക്കതിന് OGBV എന്ന് വിളിക്കാം.

# OGBV യുടെ ഘടകങ്ങൾ എന്തെല്ലാം?

- **അത് ഓൺലൈനായി സംഭവിക്കുന്നു.**
- **ഒരാളുടെ ലിംഗഭേദത്തെ അടിസ്ഥാനമാക്കി**
- **ഉപദ്രവത്തിന് കാരണമാകുന്നു.**
  - മാനസികമായി, മാനഹാനി, ശാരീരികമായി (ഉദാ:-പീഡനം)
  - സാമ്പത്തികാഘാതം (ഉദാ:- ഓൺലൈൻ കവർച്ച, സ്വത്ത് നാശം)
  - സാമൂഹിക ഒറ്റപ്പെടൽ (ഉദാ:- അപകീർത്തിപ്പെടുത്തൽ)

**പൊതു നിർവചനങ്ങൾ**

**ഒരു കുറ്റകൃത്യം നിർവചിക്കുന്നതിന് നിയമത്തിൽ കുറച്ച് പൊതുവായ വ്യവസ്ഥകളുണ്ട്. ഞങ്ങൾ അത് ലളിതമായി ഇവിടെ പറയുന്നു.**

- അസഭ്യമായവ : പൊതുജനങ്ങൾക്കിടയിൽ സ്വീകാര്യമല്ലാത്തതും, നിലവിലെ സദാചാരം/മര്യാദ എന്നിവക്ക് വിരുദ്ധവും കുറ്റകരവുമായ കാര്യങ്ങൾ.
- ലൈംഗികത പ്രകടമാക്കുന്നവ : നഗ്നത, ലൈംഗിക പ്രവർത്തനങ്ങളുടെ യഥാർത്ഥമോ അല്ലെങ്കിൽ അനുകരിച്ചതോ ആയ ചിത്രീകരണം.

**ഈ ലഘുലേഖ എന്താണ്?**
ഈ വഴികാട്ടി നിങ്ങൾക്ക് താഴെപ്പറയുന്നവയെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നു.

1. എന്താണ് OGBV
2. നിങ്ങളത് അനുഭവിച്ചിട്ടുണ്ടോ? അനുഭവിക്കുന്നുണ്ടോ?
3. കുറ്റവാളികൾക്കെതിരെ നടപടിയെടുക്കാൻ നിങ്ങൾക്ക് നിയമം മൂലം എന്ത് ചെയ്യാനാകും?

**ഈ വഴികാട്ടിയിൽ താഴെപ്പറയുന്നവ ഉൾക്കൊള്ളുന്നു**

**ഭാഗം 1**

ഒന്നാം ഭാഗം ഓൺലൈൻ ജന്റർ അധിഷ്ഠിത അതിക്രമത്തെക്കുറിച്ച് വിശദീകരിക്കുന്നു. (OGBV)

**ഭാഗം 2**

രണ്ടാം ഭാഗത്തിൽ നിങ്ങൾ (OGBV) ക്ക് ഇരയായിട്ടുണ്ടെങ്കിൽ ലഭ്യമാകുന്ന നിയമങ്ങളെക്കുറിച്ച് സംസാരിക്കുന്നു.

# ഭാഗം 1 OGBV ചെക്ക്ലിസ്റ്റ്

ആർക്കെങ്കിലും ഓൺലൈൻ ജന്റർ അധിഷ്ഠിത അതിക്രമം നേരിടേണ്ടിവന്നിട്ടുണ്ടോ എന്നും അത്തരം പ്രവർത്തനങ്ങൾക്കുള്ള നിയമനടപടികളെക്കുറിച്ച് വിവരം തേടുന്നവർക്കും അവ തിരിച്ചറിയാനുള്ള ഒരു ഉപാധിയായി ഈ ചെക്ക്ലിസ്റ്റ് പ്രവർത്തിക്കുന്നു.

## 1. ഓൺലൈൻ ലൈംഗികാതിക്രമം

ലൈംഗികാതിക്രമം വ്യക്തിയിലേക്കും ശാരീരികമായും കടക്കുന്നു.

- A ആരെങ്കിലും നിങ്ങളെക്കുറിച്ച് ലൈംഗിക ചുവയുള്ള പരാമർശങ്ങൾ നടത്തിയോ?
- B അവർ നിങ്ങളോട് ലൈംഗിക ആവശ്യങ്ങൾക്കായി ആവശ്യപ്പെടുകയോ അഭ്യർത്ഥിക്കുകയോ ചെയ്യുന്നുണ്ടോ?
- C അവർ നിങ്ങളെ അശ്ലീല ഉള്ളടക്കം കാണാൻ നിർബന്ധിക്കുന്നുണ്ടോ?
- D അവർ ഇത് തുടർന്നുകൊണ്ടിരിക്കുന്നുണ്ടോ?

A മുതൽ D വരെയുള്ളതിൽ ഏതെങ്കിലും ശരിയാണെങ്കിൽ, അത് ഓൺലൈനിൽ നിങ്ങളുടെ സമ്മതമില്ലാതെയാണ് നടക്കുന്നതെങ്കിൽ ഈ പെരുമാറ്റം ഓൺലൈൻ ലൈംഗികാതിക്രമത്തിന് കീഴിൽ വരും.

**ബി.എൻ.എസ്, 75-ാം വകുപ്പ്**

ലൈംഗിക പീഡനം: 3 വർഷം വരെ തടവ് കൂടാതെ/അല്ലെങ്കിൽ പിഴയും.

ലൈംഗിക പരാമർശങ്ങൾ: 1 വർഷം തടവ് കൂടാതെ/അല്ലെങ്കിൽ പിഴയും.

ഇതിന് ബാധകം: ഓൺലൈനിൽ പുരുഷന്മാരുടെ ഇത്തരം പെരുമാറ്റങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾ.






## 2. സൈബർ ഫ്ലാഷിങ്

- A ആരെങ്കിലും നിങ്ങൾക്ക് അശ്ലീല ഉള്ളടക്കങ്ങൾ ഓൺലൈനായി അയക്കുന്നുണ്ടോ?
- B അവർ സ്വകാര്യ ചിത്രങ്ങളോ അല്ലെങ്കിൽ അശ്ലീല ഉള്ളടക്കങ്ങളോ ഉൾപ്പെടുത്തുന്നുണ്ടോ?
- C അവരത് നിങ്ങളുടെ സമ്മതമില്ലാതെയാണോ ചെയ്യുന്നത്?

നിങ്ങൾ മുകളിലുള്ളതെല്ലാം ശരിയിട്ടെങ്കിൽ അത് സൈബർഫ്ലാഷിംഗിൽ ഉൾപ്പെടും.

**ഐടി ആക്ട്, 2000, വകുപ്പ് 67**

കുറ്റം ആദ്യമായാണ് ചെയ്യുന്നതെങ്കിൽ: മൂന്നുവർഷം തടവും അഞ്ച് ലക്ഷം രൂപ വരെ പിഴയും.
തുടർച്ചയായ കുറ്റകൃത്യം : അഞ്ചുവർഷം തടവും പത്തുലക്ഷം രൂപവരെ പിഴയും

**ഐടി ആക്ട്, 2000, വകുപ്പ് 67A**

കുറ്റം ആദ്യമായാണ് ചെയ്യുന്നതെങ്കിൽ: അഞ്ചുവർഷം തടവും പത്ത് ലക്ഷം രൂപവരെ പിഴയും. തുടർച്ചയായ കുറ്റകൃത്യം : ഏഴ് വർഷം തടവും പത്ത് ലക്ഷം രൂപവരെ പിഴയും.

ബാധകമാകുന്നത് : ഇവ അനുഭവിക്കുന്ന ആർക്കും.

## 3. സൈബർ സ്റ്റാക്കിംഗ്

A ആരെങ്കിലും നിങ്ങളോട് തുടർച്ചയായി ഓൺലൈനിൽ സംസാരിക്കാൻ ശ്രമിക്കുന്നുണ്ടോ?

B നിങ്ങൾക്ക് താല്പര്യമില്ലെന്ന് വ്യക്തമാക്കിയിട്ടും ഇത് തുടരുന്നുണ്ടോ?

C അവർ നിങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നു എന്ന് തോന്നിയിട്ടുണ്ടോ? ഉദാഹരണത്തിന് നിങ്ങളെ ഓൺലൈനിൽ കാണുമ്പോൾ ബന്ധപ്പെടുക, നിങ്ങളൊരു ആപ്പിൽ എത്ര തവണ ആക്ടീവ് ആകുന്നുണ്ട് എന്നത് നിരീക്ഷിക്കുക തുടങ്ങിയവ.

D ഇതൊരു കുറ്റകൃത്യം തടയുന്നതിന് വേണ്ടിയാണെന്ന് നിങ്ങളെ അറിയിച്ചിട്ടുണ്ടോ? ആരെങ്കിലും ഇത് തങ്ങളുടെ കടമയാണെന്ന് പറഞ്ഞിട്ടുണ്ടോ? (ഉദാഹരണത്തിന് ഒരു കേസന്വേഷണത്തിന് വേഷംമാറിയ പോലീസ് പോലെ) അല്ലെങ്കിൽ ഇത്തരം പെരുമാറ്റങ്ങൾക്ക് നിങ്ങൾക്ക് ഉചിതമായ ന്യായീകരണം ലഭിച്ചിട്ടുണ്ടോ?

E ആദ്യം പറഞ്ഞ രണ്ട് കാര്യങ്ങളിൽ ഏതെങ്കിലും ആണെങ്കിൽ നിങ്ങളവരോട് ഐഡി കാണിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ? (ഇത് നിർബന്ധമല്ലെങ്കിലും പ്രത്യേകിച്ച് ആരെങ്കിലും പോലീസ് ആണെന്ന് ഒക്കെ പറയുമ്പോൾ അത് ഉറപ്പിക്കാൻ ഇക്കാര്യം ചെയ്യുന്നത് നല്ലതായിരിക്കും)

നിങ്ങൾ A,B,C എന്നിവ ടിക് ചെയ്തിട്ടുണ്ടെങ്കിൽ അത് സൈബർസ്റ്റോക്കിംഗിന്റെ പരിധിയിൽ പെടും. അവസാന പോയിന്റ് ശരിയാണെങ്കിൽ നിയമപരമായ ന്യായീകരണം കാരണം മുമ്പ് പറഞ്ഞ കാര്യങ്ങൾ സൈബർസ്റ്റോക്കിംഗ് ആയി പരിഗണിക്കില്ല.

**ബിഎൻഎസ്, 78 (1) (ii) -ാം വകുപ്പ്**

പ്രഥമ കുറ്റം: 3 വർഷം തടവും പിഴയും.

കുറ്റം ആവർത്തിച്ചാൽ: 5 വർഷം തടവും പിഴയും.

ഇതിന് ബാധകം: പുരുഷൻമാർ സൈബർ സ്റ്റോക്ക് ചെയ്യുന്ന സ്ത്രീകൾ.

## 4. സ്വകാര്യ ഫോട്ടോകളുടെയും വീഡിയോകളുടെയും സമ്മതമില്ലാത്ത പ്രചാരണം.

A ആരെങ്കിലും ഓൺലൈനായി നിങ്ങളുടെ സ്വകാര്യ ഫോട്ടോ/വീഡിയോ ഓൺലൈനായി പ്രചരിപ്പിക്കുന്നുണ്ടോ?

B നിങ്ങളുടെ സമ്മതമില്ലാതെയാണോ ഇത്?

C ഇത് കൂടാതെ,പ്രണയ പങ്കാളിയോ മുൻ പ്രണയ പങ്കാളിയോ ആണോ ഇത് ചെയ്യുന്നത്? ഇക്കാര്യം പക്ഷേ നിർബന്ധമില്ല.

നിങ്ങൾ A യും B യും ടിക്ക് ചെയ്തിട്ടുണ്ടെങ്കിൽ അത് സ്വകാര്യ ഫോട്ടോകളുടെയും വീഡിയോകളുടെയും സമ്മതമില്ലാത്ത പ്രചാരണത്തിൽ വരും.

**ഐടി ആക്ട്, 2000, 66E**


മൂന്നുവർഷം തടവും രണ്ട് ലക്ഷം രൂപവരെ പിഴയും.

**ഐടി ആക്ട്, 2000, വകുപ്പ് 67A**

കുറ്റം ആദ്യമായാണ് ചെയ്യുന്നതെങ്കിൽ: 5 വർഷം വരെ തടവും 10 ലക്ഷം രൂപ വരെ പിഴയും.
തുടർച്ചയായ കുറ്റകൃത്യം : ഏഴ് വർഷം വരെ തടവും 10 ലക്ഷം രൂപ വരെ പിഴയും.

മുകളിൽ സൂചിപ്പിച്ച നിയമങ്ങൾ പൊതുവെ ബാധകമാണ്. ഒരു പ്രണയ പങ്കാളി നിങ്ങളോട് ഇത് ചെയ്തിട്ടുണ്ടെങ്കിൽ, അത് പ്രതികാരത്തിന് വേണ്ടി നഗ്നചിത്രങ്ങൾ പ്രചരിപ്പിക്കലാകാം, ഇത് അടുപ്പമുള്ള പങ്കാളിയുടെ അക്രമ രീതിയിലൊന്നാണ്. അത്തരം സാഹചര്യങ്ങളിൽ ഒരു കാരണവശാലും നിങ്ങൾ കുറ്റക്കാരല്ലെന്നും നിങ്ങളെ പിന്തുണയ്ക്കാൻ നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുന്ന കുടുംബാംഗങ്ങളുമായോ സുഹൃത്തുക്കളുമായോ ബന്ധപ്പെടണമെന്നും ഓർത്തിരിക്കേണ്ടത് പ്രധാനമാണ്. റിക്കോഴ്സ് വിഭാഗത്തിൽ ഞങ്ങൾ ഇതെക്കുറിച്ച് കൂടുതൽ പറയുന്നുണ്ട്.

ബാധകമാകുന്നത് : ഇത് അനുഭവിക്കുന്ന ആർക്കും.



## 5. ഡോക്സിംഗ്

A നിങ്ങളെക്കുറിച്ചുള്ള സ്വകാര്യ വിവരങ്ങൾ നിങ്ങൾ ഓൺലൈനിൽ കണ്ടിട്ടുണ്ടോ? നിങ്ങൾ പരസ്യമായി പങ്കിടുകയോ പോസ്റ്റുചെയ്യുകയോ ചെയ്യാത്ത ഫോട്ടോകൾ, വീഡിയോകൾ അല്ലെങ്കിൽ ടെക്സ്റ്റ് അല്ലെങ്കിൽ നിങ്ങളുടെ വിലാസം, ആധാർ നമ്പർ, ആരും കാണാൻ ആഗ്രഹിക്കാത്ത മെഡിക്കൽ വിവരങ്ങൾ എന്നിവ പോലുള്ള നിങ്ങളെക്കുറിച്ചുള്ള വ്യക്തിഗത വിശദാംശങ്ങൾ?

B നിങ്ങളുടെ അറിവോ സമ്മതമോ ഇല്ലാതെയാണോ ഇത് സംഭവിച്ചത്?

C ആ വിവരങ്ങൾ നിങ്ങൾക്കെതിരെ ഉപയോഗിക്കുന്നുണ്ടോ? നിങ്ങൾ പീഡിപ്പിക്കപ്പെടുകയും ഭീഷണിപ്പെടുത്തപ്പെടുകയും ചെയ്യുന്നുണ്ടോ?

മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളും ശരിയാണെങ്കിൽ അത് മിക്കവാറും ഡോക്സിംഗ് ആയിരിക്കും.

**ഐടി ആക്ട്, 2000, വകുപ്പ് 67 A**

കുറ്റം ആദ്യമായാണ് ചെയ്യുന്നതെങ്കിൽ: 5 വർഷം തടവും 10 ലക്ഷം രൂപവരെ പിഴയും. തുടർച്ചയായ കുറ്റകൃത്യം : 7 വർഷം തടവും 10 ലക്ഷം രൂപവരെ പിഴയും.

**ഐടി ആക്ട്, 2000, വകുപ്പ് 66E**

3 വർഷം തടവും 2 ലക്ഷം രൂപവരെ പിഴയും.

**ബിഎൻഎസ്, 356 (1 & 2) -ാം വകുപ്പ്**

സാമൂഹിക സേവനത്തിനൊപ്പം 2 വർഷം തടവ് കൂടാതെ/അല്ലെങ്കിൽ പിഴ

ഇതിന് ബാധകം : ഇത് അനുഭവിക്കുന്ന ആർക്കും.

## 6. മോർഫിംഗ് / ട്രാൻസ്മോഗ്രിഫിക്കേഷൻ

A നിങ്ങൾ ഓൺലൈനിൽ പോസ്റ്റ് ചെയ്ത ഫോട്ടോകൾ നിങ്ങൾ എടുക്കാത്ത മറ്റ് ഫോട്ടോകളിൽ എഡിറ്റ് ചെയ്തതായി നിങ്ങൾ കാണുന്നുണ്ടോ? വീഡിയോകളിലെ മറ്റൊരാളുടെ മുഖം നിങ്ങളുടെ മുഖമായി മാറ്റി വീഡിയോയിലെ വ്യക്തി യഥാർത്ഥത്തിൽ നിങ്ങളാണെന്ന് തോന്നിപ്പിക്കുന്നതായി നിങ്ങൾ കാണുന്നുണ്ടോ?

B നിങ്ങളുടെ സമ്മതവും അറിവും കൂടാതെയാണോ ഇത് ചെയ്തത്?

C ഉള്ളടക്കം അശ്ലീലമായതോ ലൈംഗികത പ്രകടമാക്കുന്നതോ ആയിരുന്നോ?

D ഇത് ഡീപ്ഫേക്ക് ഉപയോഗിച്ച് വ്യാജമായി സൃഷ്ടിച്ച ലൈംഗിക ഉള്ളടക്കമായിരിക്കാമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? [മോർഫിംഗ് ആവുന്നതിന് ഇക്കാര്യം നിർബന്ധമില്ല]

A മുതൽ C വരെ നിങ്ങൾ ശരിയിട്ടെങ്കിൽ അത് മോർഫിംഗ് ആയിരിക്കാം.

**ഐടി ആക്ട്, 2000, വകുപ്പ് 66E**

3 വർഷം തടവും 2 ലക്ഷം രൂപവരെ പിഴയും.

**ഐടി ആക്ട്, 2000, വകുപ്പ് 67 A**

കുറ്റം ആദ്യമായാണ് ചെയ്യുന്നതെങ്കിൽ: 5 വർഷം തടവും 10 ലക്ഷം രൂപവരെ പിഴയും. തുടർച്ചയായ കുറ്റകൃത്യം : 7 വർഷം തടവും 10 ലക്ഷം രൂപവരെ പിഴയും.

**ഐടി ആക്ട്, 2000, വകുപ്പ് 66D**

3 വർഷം തടവും 1 ലക്ഷം രൂപവരെ പിഴയും.

ബാധകമാകുന്നത് : ഇത് അനുഭവിക്കുന്ന ആർക്കും.

## 7. ഒളിഞ്ഞുനോട്ടം

A നിങ്ങൾ അറിയാതെ നിങ്ങളുടെ ഫോട്ടോകളോ വീഡിയോകളോ മറ്റോ എടുക്കപ്പെട്ടിട്ടുണ്ടോ?

B നിങ്ങൾ സ്വകാര്യത ആഗ്രഹിക്കുന്ന ഒരു സ്വകാര്യ നിമിഷം അതിൽ ഉൾപ്പെട്ടിട്ടുണ്ടോ?

C അവ എടുക്കാൻ നിങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിലും, നിങ്ങളുടെ സമ്മതമില്ലാതെ അത് പങ്കിടുകയോ ഓൺലൈനിൽ പോസ്റ്റ് ചെയ്യുകയോ ചെയ്തോ?

നിങ്ങൾ മുകളിൽ പറഞ്ഞതെല്ലാം ശരിയിട്ടിട്ടുണ്ടെങ്കിൽ അത് ഒളിഞ്ഞു നോട്ടത്തിൽ പെടുന്ന കേസായിരിക്കാം.

**ബി.എൻ.എസ്, 77 –ാം വകുപ്പ്**

പ്രഥമ കുറ്റം: 1 മുതൽ 3 വർഷം വരെ തടവ് + പിഴ.
കുറ്റം ആവർത്തിച്ചാൽ: 7 വർഷം വരെ തടവ് വർധിപ്പിക്കാം + പിഴ

**ഐടി ആക്ട്, 2000, വകുപ്പ് 67**

കുറ്റം ആദ്യമായാണ് ചെയ്യുന്നതെങ്കിൽ: 3 വർഷം തടവും 5 ലക്ഷം രൂപ വരെ പിഴയും.
തുടർച്ചയായ കുറ്റകൃത്യം : 5 വർഷം തടവും 10 ലക്ഷം രൂപ വരെ പിഴയും.

ഇതിന് ബാധകം: പുരുഷന്മാരാൽ ഈ കുറ്റത്തിന് ഇരയായ സ്ത്രീകൾ.

## 8. ഓൺലൈൻ ലൈംഗികചൂഷണം + സെക്സ്ടോർഷൻ

A നിങ്ങളുടെ സമ്മതമില്ലാതെ നിങ്ങൾക്ക് വസ്ത്രം അഴിക്കേണ്ടി വന്നിട്ടുണ്ടോ? അവരുടെ ഇഷ്ടത്തിന് വഴങ്ങിയില്ലെങ്കിൽ നിങ്ങൾ ദ്രോഹിക്കപ്പെടുമെന്നോ ഭീഷണിപ്പെടുത്തുമെന്നോ അല്ലെങ്കിൽ നിങ്ങളുടെ സുരക്ഷക്ക് ഭീഷണി ആകുമെന്നോ തോന്നുന്നുണ്ടോ?

B ആ വ്യക്തി ഇത് ഇന്റർനെറ്റിലൂടെ ആണോ ചെയ്യുന്നത്?ഇന്റർനെറ്റിൽ ഇത്തരം പ്രവർത്തികളിൽ ഏർപ്പെടാൻ നിങ്ങൾ നിർബന്ധിതയാകുന്നുണ്ടോ ?

C ലൈംഗിക വേഴ്ചകൾ ചെയ്യാനും സ്വകാര്യ ചിത്രങ്ങളോ വീഡിയോകളോ പങ്കിടാനും നിങ്ങളെ ഭീഷണിപ്പെടുത്തുന്നുണ്ടോ? അങ്ങനെ ചെയ്യാൻ ആരെങ്കിലും നിങ്ങളെ ബ്ലാക്ക് മെയിൽ ചെയ്യുന്നുണ്ടോ? അവർ പറയുന്നത് നിങ്ങൾ ചെയ്തില്ലെങ്കിൽ നിങ്ങളുടെ സ്വകാര്യ വിശദാംശങ്ങൾ, ചിത്രങ്ങൾ അല്ലെങ്കിൽ വീഡിയോകൾ ഓൺലൈനിൽ പ്രചരിപ്പിക്കപ്പെടുമെന്ന് അവർ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നുണ്ടോ?

നിങ്ങൾ മുകളിലുള്ള എല്ലാം ശരിയിട്ടിട്ടുണ്ടെങ്കിൽ അത് ലൈംഗികചൂഷണത്തിലും സെക്സ്റ്റോർഷനും കീഴിൽ വരും.

**ബി.എൻ.എസ്, 74–ാം വകുപ്പ്**

1–5 വർഷം തടവുശിക്ഷ + പിഴ

**ബി.എൻ.എസ്, 351(2)–ാം വകുപ്പ്**

ഭീഷണി: 2 വർഷം തടവ് / പിഴ / രണ്ടും

**ബി.എൻ.എസ്, 351(3)–ാം വകുപ്പ്**

വധഭീഷണി: 7 തടവ് / പിഴ / രണ്ടും

**ബി.എൻ.എസ്, 351(4)–ാം വകുപ്പ്**

അജ്ഞാത ഭീഷണി: 2 വർഷം തടവ് / പിഴ / രണ്ടും



ഇതിന് ബാധകം: ഒരു സ്ത്രീക്ക് മാത്രം ലഭ്യമാകുന്ന സെക്ഷൻ 74 ഒഴികെ, ബാക്കിയെല്ലാം എല്ലാർക്കും ബാധകമാണ്.

## 9. ജന്റർ അധിഷ്ഠിത വിദ്വേഷ പ്രസംഗം

**A** ലിംഗാധിഷ്ഠിത സ്ലാംഗുകളടക്കം അക്രമപരമോ കുറ്റകരമോ വിവേചനപരമോ ആയ ഓൺലൈൻ ഉള്ളടക്കങ്ങൾ നിങ്ങളെ ലക്ഷ്യമാക്കി വരുന്നുണ്ടോ? നിങ്ങളൊരു പ്രത്യേക ജന്ററിൽ പെടുന്ന ആളായതുകൊണ്ടാണ് ആളുകൾ ഇത്തരത്തിലുള്ള വിദ്വേഷ സന്ദേശങ്ങൾ അയക്കുന്നതെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

**B** ഈ ഉള്ളടക്കം നിങ്ങൾക്കും നിങ്ങളുടെ പ്രശസ്തിക്കും നിങ്ങളുടെ സ്വത്തിനും നിങ്ങളുമായി ബന്ധപ്പെട്ട മറ്റുള്ളവർക്കും ദോഷം ചെയ്യുകയോ ചെയ്യപ്പെട്ടേക്കുമോ എന്ന് നിങ്ങൾ കരുതുന്നുണ്ടോ?

**C** ഏതെങ്കിലും ഉള്ളടക്കം നിങ്ങൾക്ക് ഗുരുതരമായ പരിക്കോ അല്ലെങ്കിൽ മരണം പോലുമോ ഉണ്ടാക്കുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുണ്ടോ?

A യും B യും ശരിയിട്ടിട്ടുണ്ടെങ്കിൽ അത് ജന്റർ അധിഷ്ഠിത വിദ്വേഷ പ്രസംഗത്തിൽ ഉൾപ്പെടും.



**ബി.എൻ.എസ്, വകുപ്പ് 356**

2 വർഷം തടവും കൂടാതെ/അല്ലെങ്കിൽ പിഴയും.

**ബി.എൻ.എസ്, 351(2)-ാം വകുപ്പ്**

ഭീഷണി: 2 വർഷം തടവ് / പിഴ / രണ്ടും

**ബി.എൻ.എസ്, 351(3)-ാം വകുപ്പ്**

വധഭീഷണി: 7 തടവ് / പിഴ / രണ്ടും

**ബി.എൻ.എസ്, 351(4)-ാം വകുപ്പ്**

അജ്ഞാത ഭീഷണി: 2 വർഷം തടവ് / പിഴ / രണ്ടും

**ബിഎൻഎസ്, 79-ാം വകുപ്പ്**

3 വർഷം തടവ് + പിഴ

ബാധകം: ഒരു സ്ത്രീക്ക് മാത്രം ലഭ്യമാകുന്ന സെക്ഷൻ 79 ഒഴികെ, ബാക്കിയെല്ലാം എല്ലാർക്കും ബാധകമാണ്.

## 10. ഐഡന്റിറ്റി തെഫ്റ്റ്

A നിങ്ങളുടെ പാസ്‌വേർഡോ, ഇലക്ട്രോണിക് സിഗ്നേച്ചറോ മറ്റ് വിവരങ്ങളോ മറ്റൊരാൾ നിങ്ങളാണെന്ന വ്യാജേന ഉപയോഗിച്ചിട്ടുണ്ടോ?

B ആരെങ്കിലും തട്ടിപ്പുകൾക്ക് വേണ്ടി എന്തെങ്കിലും ആശയവിനിമയമോ പ്രസ്താവനകളോ നടത്തിയിട്ടുണ്ടോ? ഉദാ: നിങ്ങളുടെ പേരിൽ പുതിയ വായ്പ എടുത്തതായി കണ്ടെത്തിയോ?

മുകളിലെ ഏതെങ്കിലും ശരിയിട്ടിട്ടുണ്ടെങ്കിൽ അത് ഐഡന്റിറ്റി തെഫ്റ്റിൽ ഉൾപ്പെടും.

**ഐടി ആക്ട്, 2000, വകുപ്പ് 66C**

3 വർഷം വരെ തടവും 1 ലക്ഷം രൂപവരെ പിഴയും.

ബാധകമാകുന്നത് : ഇത് അനുഭവിക്കുന്ന ആർക്കും.




## 11. പ്രായപൂർത്തി ആവാത്തവർക്ക് മാത്രമുള്ള കുറ്റകൃത്യങ്ങൾ

A ടെക്സ്റ്റോ ചിത്രമോ മറ്റ് രൂപത്തിലുള്ള ഉള്ളടക്കങ്ങളോ ഓൺലൈനായി നിർമിക്കപ്പെടുന്നുണ്ടോ?

B ടെക്സ്റ്റോ ചിത്രമോ മറ്റ് രൂപത്തിലുള്ള ഉള്ളടക്കങ്ങളോ ശേഖരിക്കപ്പെടുന്നുണ്ടോ?

C അത്തരം കാര്യങ്ങളുടെ വിഷയം കുട്ടികളെക്കുറിച്ചുള്ളതാണോ?

D അവ ലൈംഗികപരമായോ അശ്ലീലമായോ ആണോ ചിത്രീകരിക്കുന്നത്?

മുകളിലുള്ള എല്ലാം ശരിയാണെങ്കിൽ അത് പ്രായപൂർത്തി ആവാത്തവർക്കെതിരെയുള്ള കുറ്റകൃത്യമാണ്.

E അത്തരം കാര്യങ്ങൾ പരസ്യം ചെയ്യുകയോ കൈമാറ്റം ചെയ്യുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നുണ്ടോ?

F അത്തരം കാര്യങ്ങൾ ഡൗൺലോഡ് ചെയ്യപ്പെടുന്നുണ്ടോ?

G അത്തരം കാര്യങ്ങൾ ബ്രൗസ് ചെയ്യപ്പെടുന്നുണ്ടോ?

H ന്യായബോധമുള്ള ഒരു മുതിർന്നയാളെ വ്രണപ്പെടുത്തുന്ന തരത്തിൽ ഓൺലൈനിൽ ബന്ധങ്ങൾ വളർത്തിയെടുക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നുണ്ടോ? (കുട്ടികളിൽ വിശ്വാസം വളർത്തിയെടുത്ത് അവരെ ചൂഷണം ചെയ്യുന്ന സ്വഭാവം)

I ഈ ഉള്ളടക്കത്തിന്റെ വിതരണം സുഗമമാക്കുകയാണോ?

A മുതൽ D വരെ ഏതെങ്കിലും ശരിയാണെങ്കിൽ അത് ഇൻഫർമേഷൻ ടെക്നോളജി ആക്ട്, 2000 വകുപ്പ് 67B പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.
E മുതൽ I വരെ കുറ്റകൃത്യത്തിന് കൂടുതൽ വിവരങ്ങൾ നല്കുന്നു.

**ഐടി ആക്ട്, 2000, വകുപ്പ് 67B**

കുറ്റം ആദ്യമായാണ് ചെയ്യുന്നതെങ്കിൽ: 5 വർഷം തടവും 10 ലക്ഷം രൂപവരെ പിഴയും. തുടർച്ചയായ കുറ്റകൃത്യം : 7 വർഷം തടവും 7 ലക്ഷം രൂപവരെ പിഴയും.

ബാധകമാകുന്നത് : ഏത് കുട്ടികൾക്കും.

# ഞാനിനി എന്ത് ചെയ്യണം?

## എല്ലാം ഡോക്യുമെന്റ് ചെയ്യുക.



സ്ക്രീൻഷോട്ടുകൾ എടുക്കുക. ഓരോ ആശയവിനിമയവും, നിങ്ങൾ ഉള്ളടക്കം കാണുന്ന ഓരോ സൈറ്റും, ഇത് നടന്ന തീയതികളും, ഉള്ളടക്കം പോസ്റ്റുചെയ്യുന്ന നിങ്ങൾ കാണുന്ന പ്രൊഫൈലുകളും രേഖപ്പെടുത്തുക. ഇതെല്ലാം ചെയ്ത കുറ്റകൃത്യത്തിന്റെ തെളിവാണെന്ന് ഓർക്കുക, നിങ്ങൾക്ക് കഴിയുന്നത്ര സമഗ്രമായിരിക്കുക.

## റിപ്പോർട്ട്

- 'റിപ്പോർട്ട്' ഓപ്ഷൻ ഉണ്ടോ എന്ന് നോക്കുക. അത് ഫേസ്ബുക്ക് ഇൻസ്റ്റഗ്രാം പോലുള്ള സോഷ്യൽ മിഡിയ സൈറ്റുകളോട് ആക്ഷൻ എടുക്കാനും ഉള്ളടക്കം നീക്കം ചെയ്യാനും വേണ്ടി പറയാൻ നിങ്ങളെ അനുവദിക്കുന്നു. അനുചിതം, 'ഭീഷണിപ്പെടുത്തൽ/ഉപദ്രവം', അക്രമം തുടങ്ങിയ വിഭാഗങ്ങളിൽ നിങ്ങൾക്ക് റിപ്പോർട്ട് ചെയ്യാം. ഇന്ത്യയിലെ നിയമമനുസരിച്ച്, സോഷ്യൽ മീഡിയ സൈറ്റുകൾ നിങ്ങളുടെ പരാതി അംഗീകരിക്കുകയും അത് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ഉചിതമായ നടപടി സ്വീകരിക്കുകയും വേണം. റിപ്പോർട്ട് ചെയ്തെന്ന് ഉറപ്പുവരുത്തുകയും വിശ്വസ്തരായ സുഹൃത്തുക്കളോടും കുടുംബത്തിനോടും ഇത് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്യുക. അതേ സമയം തന്നെ ഇത്തരം ഉള്ളടക്കം കിട്ടുന്ന അക്കൗണ്ട് ബ്ലോക്ക് ചെയ്യുക. അത് അവർക്ക് നിങ്ങളെ തുടർന്ന് ബന്ധപ്പെടാതിരിക്കാൻ സഹായിക്കും.

- നിങ്ങളുടെ അക്കൗണ്ടിൽ തീരുമാനത്തെക്കുറിച്ചുള്ള ഒരു അപ്ഡേറ്റ് നിങ്ങൾക്ക് ലഭിക്കും. നിങ്ങൾക്ക് അതിൽ അതൃപ്തിയുണ്ടെങ്കിൽ, അവരുടെ തീരുമാനം പുനഃപരിശോധിക്കാൻ അഭ്യർത്ഥിക്കാനും നിങ്ങൾക്ക് അവസരമുണ്ട്.

- റിവ്യൂവിന് അഭ്യർത്ഥിച്ചതിന് ശേഷവും അവരുടെ തീരുമാനം വന്നതിന് ശേഷവും സോഷ്യൽ മീഡിയ ശരിയായ നടപടി എടുത്തില്ലെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടെങ്കിൽ ഗവൺമെന്റിന്റെ ഗ്രീവൻസ് ആപ്ലെറ്റ് കമ്മറ്റിയിൽ നിങ്ങൾക്കൊരു പരാതി ഫയൽ ചെയ്യാം. https://gac.gov.in/

- നിങ്ങളുടെ അപ്ലിക്കേഷൻ അവരെങ്ങനെയാണ് റിവ്യൂ ചെയ്യുന്നത് എന്നറിയാൻ താഴെ തന്നിരിക്കുന്ന ലിങ്കിലെ FAQ നോക്കുക. അവർ ഉള്ളടക്കത്തെക്കുറിച്ച് എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് അവസാന തീരുമാനമെടുക്കും.

https://gac.gov.in/CMSData/FAQsqs=+WcLOPiE4QBLh0NRiMqmqQ==

- ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാൻ ഗവൺമെന്റിന് നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് എന്ന പോർട്ടൽ കൂടെ ഉണ്ട്. സൈറ്റിന്റെ ലിങ്ക് :https://cybercrime.gov.in/Webform/crmcondi.aspx

**ഹെൽപ്ലൈൻ നമ്പർ 1930 ആണ്. സ്ത്രീകൾക്കുള്ള ഹെൽപ്ലൈൻ നമ്പർ 181 ആണ്.**

പോർട്ടലിൽ പരാതി ഫയൽ ചെയ്യുന്നതിന് മുമ്പ് അവരുടെ FAQ കൂടെ ഒന്ന് പരിശോധിക്കുക (https://cybercrime.gov.in/Webform/FAQ.aspx )

ഇത് സമയബന്ധിതമായി ചെയ്യാനും ഞങ്ങൾ ശുപാർശ ചെയ്യുന്നു, പ്രത്യേകിച്ചും നിങ്ങൾ പിന്നീട് സൈബർ പോലീസ് സ്റ്റേഷനിൽ പോയി ഒരു എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ഇതിനകം ഇത് ചെയ്തിട്ടുണ്ടോ എന്ന് നിങ്ങളോട് ചോദിക്കാൻ സാധ്യതയുണ്ട്. പ്ലാറ്റ്ഫോമിലെ നിങ്ങളുടെ റിപ്പോർട്ട് അഭിസംബോധന ചെയ്യുമ്പോൾ നിങ്ങൾക്ക് ഇത് ഒരേസമയം ചെയ്യാൻ കഴിയും.

## ഒരു FIR ഫയൽ ചെയ്യുക.

- നിങ്ങൾക്ക് പോലീസിൽ ഒരു FIR ഫയൽ ചെയ്യണമെന്നുണ്ടെങ്കിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ പോവുകയോ അല്ലെങ്കിൽ നിങ്ങളുടെ നഗരത്തിൽ സൈബർക്രൈം യൂണിറ്റ് ഉണ്ടെങ്കിൽ അവിടെ പോവുകയോ ചെയ്യാം. സ്ഥലങ്ങൾ സാധാരണയായി ഗൂഗിൾ മാപ്പിൽ ഉണ്ടാവും. ഫയൽ ചെയ്യുന്നതിൽ നിന്ന് നിങ്ങളെ നിരുത്സാഹപ്പെടുത്താൻ അവർ ശ്രമിക്കുകയാണെങ്കിൽ, നിങ്ങൾ ആവശ്യമുള്ളത് ചെയ്തുവെന്നും ഇത് രേഖപ്പെടുത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുവെന്നും ദയവായി ആവർത്തിക്കുക.



- സെക്ഷൻ 173 BNSS പ്രകാരം, ഓരോ പോലീസ് ഉദ്യോഗസ്ഥനും കുറ്റകൃത്യം ചെയ്ത അധികാരപരിധിയെ മാനിക്കാതെ, ഒരു കുറ്റകൃത്യത്തിൻ്റെ വിവരങ്ങൾ/പരാതി രേഖപ്പെടുത്തേണ്ടത് നിർബന്ധമാണ്. ഓൺലൈനായും പരാതി രേഖപ്പെടുത്താം .

- നിങ്ങൾക്ക് വേണമെങ്കിൽ അധികാരപരിധിയിലല്ലാത്ത മറ്റൊരു പോലീസ് സ്റ്റേഷനിലേക്കും പോകാം. അവർക്ക് അത് ഫയൽ ചെയ്യാനും ബന്ധപ്പെട്ട സ്റ്റേഷനിലേക്ക് അയക്കാനും സാധിക്കും. (ഇതിനെ സീറോ FIR എന്ന് വിളിക്കുന്നു). ഇതൊന്നും നടന്നില്ലെങ്കിൽ നിങ്ങൾക്ക് ലോക്കൽ ജില്ലാ ജഡ്ജിക്ക് നേരിട്ടും പരാതി നൽകാം.

**നിയമപ്രകാരം നിങ്ങൾക്ക് പരാതി കൊടുക്കാൻ അവകാശമുണ്ടെന്ന് ഓർക്കുക**

- ഒരു എഫ്ഐആർ ഫയൽ ചെയ്യൽ : എന്താണ് സംഭവിച്ചതെന്ന് കഴിയുന്നത്ര വ്യക്തമായി എഴുതാൻ ശ്രമിക്കുക. പ്രസക്തമായ വിശദാംശങ്ങൾ ഉൾപ്പെടുത്തുക. നിങ്ങൾക്ക് സംഭവത്തെക്കുറിച്ച് അവരോട് പറഞ്ഞുകൊടുത്തും ചെയ്യാം. ഓഫീസർ അത് എഴുതിയെടുക്കും. ഇത് കൃത്യമാണെന്ന് ദയവായി പരിശോധിക്കുക. അവർ അത് നിങ്ങൾക്ക് വായിച്ചുതരും. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവരോട് അത് ചെയ്യാൻ അഭ്യർത്ഥിക്കാം. നിങ്ങൾക്ക് FIR ന്റെ ഒരു പകർപ്പ് അതിൽ സ്റ്റാമ്പ് സഹിതം (പോലീസ് ഡയറി നമ്പർ, 'ഡിഡി നമ്പർ' ഉൾപ്പെടുത്തിയത്) ലഭിച്ചുവെന്ന് ഉറപ്പാക്കുക. FIR നമ്പറും സമർപ്പിച്ച തീയതിയും പോലീസ് സ്റ്റേഷനും കുറിച്ച് വെക്കുക. ഇത് പൂർത്തിയായാൽ പോലീസ് ഈ കേസ് അന്വേഷിക്കണം.



# അനുബന്ധം

**ബി.എൻ.എസ്: ഭാരതീയ ന്യായ സംഹിത**
**ബി.എൻ.എസ്.എസ്: ഭാരതീയ നാഗരിക് സുരക്ഷാ സംഹിത**
**ഐ.ടി ആക്റ്റ്, 2000: ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ്, 200**

**ബിഎൻഎസ്, 356 (1– 4)–ാം വകുപ്പ്**
മാനനഷ്ടവുമായി സംബന്ധിച്ച ഈ വകുപ്പ്, ആരെങ്കിലും, സംസാരിക്കുന്നതോ വായിക്കാൻ ഉദ്ദേശിക്കുന്നതോ ആയ വാക്കുകൾ വഴിയോ, അടയാളങ്ങൾ വഴിയോ ദൃശ്യ പ്രതിനിധാനങ്ങൾ വഴിയോ, ഏതെങ്കിലും വിധത്തിൽ ഏതെങ്കിലും വ്യക്തിയെ അപകീർത്തിപ്പെടുത്തുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്താൽ, അത്തരം കുറ്റപ്പെടുത്തൽ അയാളുടെ പ്രശസ്തിയെ ദോഷകരമായി ബാധിക്കുമെന്ന് അറിഞ്ഞോ വിശ്വസിക്കാൻ കാരണമാകുകയോ ആണെങ്കിൽ, ആ വ്യക്തിയെ ശിക്ഷിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.

**ബിഎൻഎസ്, 74–ാം വകുപ്പ്**
സ്ത്രീകളുടെ ചൂഷണംയും പീഡനവും: ഒരു സ്ത്രീയുടെ മാനത്തെ വ്രണപ്പെടുത്തുമെന്ന ഉദ്ദേശ്യത്തോടെയോ അറിവോടെയോ അക്രമിക്കുകയോ ക്രിമിനൽ ബലപ്രയോഗം നടത്തുകയോചെയ്യുന്നവർ ശിക്ഷിക്കപ്പെടും

**ബി.എൻ.എസ്, 75–ാം വകുപ്പ്**
ലൈംഗിക പീഡനമായി കരുതുന്ന പെരുമാറ്റങ്ങളെ നിർവചിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു.

**ബി.എൻ.എസ്, 77–ാം വകുപ്പ്**
ഒരു സ്വകാര്യ പ്രവൃത്തിയിൽ ഏർപ്പെടുന്ന ഒരു സ്ത്രീയുടെ ചിത്രം രഹസ്യമായോ അനാവശ്യമായോ പകർത്തുന്ന ഏതൊരു പുരുഷനെയും ശിക്ഷിക്കാൻ ഈ വകുപ്പ് അനുവദിക്കുന്നു. സ്ത്രീയുടെ സമ്മതമില്ലാതെ ഈ ചിത്രങ്ങൾ പങ്കിടുന്നതിനോ വിതരണം ചെയ്യുന്നതിനോ ഏതെങ്കിലും പുരുഷനെ ശിക്ഷിക്കാനും ഈ വകുപ്പ് അനുവദിക്കുന്നു.

**ബി.എൻ.എസ്, 78–ാം വകുപ്പ്**
ഒരു സ്ത്രീയെ അനുവാദമില്ലാതെ പിന്തുടരുകയും ബന്ധപ്പെടുകയും ചെയ്യുക, അല്ലെങ്കിൽ ആ സ്ത്രീക്ക് താൽപ്പര്യമില്ലെന്ന് വ്യക്തമായ സൂചന ലഭിച്ചിട്ടും ആവർത്തിച്ച് ഇടപെടാൻ ശ്രമിക്കുക (സ്റ്റോക്കിംഗ്) എന്ന കുറ്റകൃത്യത്തെ സംബന്ധിച്ച വകുപ്പ്. പ്രത്യേകിച്ചും ഇലക്ട്രോണിക് ആശയവിനിമയത്തിന്റെ പശ്ചാത്തലത്തിലോ ഒരു വ്യക്തിയുടെ ഓൺലൈൻ പ്രവർത്തനം നിരീക്ഷിക്കുന്നത് കുറ്റകരമാക്കുന്നതിനാണ് ഐപിസി 354 ഡി അവതരിപ്പിച്ചത്.

**ബി.എൻ.എസ്, 351(1)–ാം വകുപ്പ്**
ക്രിമിനൽ ഭീഷണിയുമായി ബന്ധപ്പെട്ടത്: അതായത് മറ്റൊരു വ്യക്തിക്ക്, അവരുടെ പ്രശസ്തിക്ക് അല്ലെങ്കിൽ അവരുടെ വസ്തുവിന് ദോഷം വരുത്തുമെന്ന് ഭീഷണിപ്പെടുത്തൽ.

**ബി.എൻ.എസ്, 351(4)–ാം വകുപ്പ്**
അജ്ഞാത സന്ദേശത്തിലൂടെ ക്രിമിനൽ ഭീഷണി എന്ന കുറ്റകൃത്യം. അതായത് മറ്റൊരു വ്യക്തിക്ക്, അവരുടെ പ്രശസ്തിക്ക് അല്ലെങ്കിൽ അവരുടെ വസ്തുവിന് ദോഷം വരുത്തുമെന്ന് അജ്ഞാത സന്ദേശത്തിലൂടെ ഭീഷണിപ്പെടുത്തൽ.

**ബി.എൻ.എസ്, 79–ാം വകുപ്പ്**
ഒരു സ്ത്രീയുടെ മാനത്തെ അപമാനിക്കുന്നതോ അല്ലെങ്കിൽ ഒരു സ്ത്രീയുടെ സ്വകാര്യതയെ ലംഘിക്കുന്നതോ ആയ പ്രവൃത്തികളെ ശിക്ഷിക്കുന്നു.

# അനുബന്ധം

**ഭാരതീയ നഗരിക് സുരക്ഷ സൻഹിത 2023, 173(4)–ാം വകുപ്പ്:**
ഉപവകുപ്പ് (1)–ൽ പരാമർശിച്ചിരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്താൻ പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ വിസമ്മതിച്ചതിൽ പരാതിയുള്ള ഏതൊരാൾക്കും, അത്തരം വിവരങ്ങളുടെ സാരാംശം എഴുത്തിലൂടെയും തപാൽ വഴിയും ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടിന് അയയ്ക്കാവുന്നതാണ്. അത്തരം വിവരങ്ങൾ ഒരു തിരിച്ചറിയാവുന്ന കുറ്റകൃത്യത്തിന്റെ പ്രവൃത്തി വെളിപ്പെടുത്തുന്നുവെന്ന് അദ്ദേഹം ബോധ്യപ്പെട്ടാൽ, ഈ സംഹിത നൽകുന്ന രീതിയിൽ കേസ് സ്വയം അന്വേഷിക്കുകയോ തന്റെ കീഴിലുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്താൻ നിർദ്ദേശിക്കുകയോ ചെയ്യും. ആ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഒരു ഉദ്യോഗസ്ഥന്റെ എല്ലാ അധികാരങ്ങളും ആ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും, അല്ലാത്തപക്ഷം വകുപ്പ് 175–ലെ ഉപവകുപ്പ് (3) പ്രകാരം മജിസ്ട്രേറ്റിന് അപേക്ഷ നൽകാവുന്നതാണ്.

**ഐടി ആക്ട്, 2000, വകുപ്പ് 66C**
ഐഡന്റിറ്റി തെഫ്റ്റിനുള്ള ശിക്ഷ കൈകാര്യം ചെയ്യുന്നു. മറ്റൊരാളുടെ ഐഡന്റിറ്റി ഉപയോഗിച്ച് തട്ടിപ്പ് നടത്തുകയോ ഉപദ്രവിക്കുകയോ ചെയ്യുന്ന കുറ്റകൃത്യങ്ങളെ ഈ വകുപ്പ് പ്രത്യേകം കൈകാര്യം ചെയ്യുന്നു.

**ഐടി ആക്ട്, 2000, വകുപ്പ് 66D**
ആശയവിനിമയ ഉപകരണങ്ങളിലൂടെയോ അല്ലെങ്കിൽ കമ്പ്യൂട്ടറിലൂടെയോ മറ്റൊരാളെ വഞ്ചിക്കുന്നവരെ ശിക്ഷിക്കുന്നു.

**ഐടി ആക്ട്, 2000, വകുപ്പ് 66E**
സമ്മതമില്ലാതെ ഒരാളുടെ സ്വകാര്യ ഭാഗങ്ങളുടെ ചിത്രം ഓൺലൈനായി പങ്കുവെക്കുന്നവർ അതവരുടെ ശരീരത്തിന്റെ സ്വകാര്യത ലംഘിക്കുന്ന കാരണത്താൽ ശിക്ഷിക്കപ്പെടും.

**ഐടി ആക്ട്, 2000, വകുപ്പ് 67**
അശ്ലീല മെറ്റീരിയലുകൾ ഇലക്ട്രോണിക് രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനെയോ കൈമാറുന്നതിനെയോ ശിക്ഷിക്കുന്നു.

**ഐടി ആക്ട്, 2000, വകുപ്പ് 67A**
ഇലക്ട്രോണിക് രൂപത്തിൽ ലൈംഗികത പ്രകടമാക്കുന്ന ഉള്ളടക്കം അടങ്ങിയ മെറ്റീരിയൽ പ്രസിദ്ധീകരിക്കുന്നതിനോ പ്രക്ഷേപണം ചെയ്യുന്നതിനോ പിഴ ചുമത്തുന്നു.

**67 ന്റെയും 67 A യുടെയും ദുരുപയോഗം**
ഈ വകുപ്പുകൾ വലിയ ശിക്ഷ ഉറപ്പാക്കുന്നതാണ്. അശ്ലീലം, ലൈംഗികത പ്രകടമാക്കൽ തുടങ്ങിയ വാക്കുകൾക്ക് അവ്യക്തതകൾ ഉള്ളതുകൊണ്ട് അവ പതിവായി ദുരുപയോഗം ചെയ്യുകയും വിവേചനരഹിതമായ അറസ്റ്റിലേക്ക് നയിക്കുകയും ചെയ്യുന്നു. ഈ വകുപ്പുകൾ അത്തരം മെറ്റീരിയലുകളുടെ കൈമാറ്റത്തെ ശിക്ഷാർഹമാക്കുന്നു. അവ സമ്മതമുള്ളതും ഇല്ലാത്തതും ആയ കാര്യങ്ങളെ വേർത്തിരിക്കുന്നില്ല. രണ്ടിനും ഇത് ബാധകമാകും.

**ഐടി ആക്ട് 2000, വകുപ്പ് 67B**
ലൈംഗിക പ്രവർത്തനങ്ങളിൽ കുട്ടികളെ ചിത്രികരിക്കുന്ന മെറ്റീരിയലുകൾ പ്രസിദ്ധീകരിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും ഉള്ള ശിക്ഷയെക്കുറിച്ച് കൈകാര്യം ചെയ്യുന്നു.




sflc.in unesco